പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.105

11.06.2019-ൽ മറുപടിക്ക്

## അശാസ്ത്രീയ മത്സ്യബന്ധനം നിർത്തലാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, കെ.കുഞ്ഞിരാമൻ<br>,, എ. എൻ. ഷംസീർ<br>,, കെ.ജെ. മാക്സി : | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അശാസ്ത്രീയമായ മത്സ്യബന്ധനത്തിന് അറുതി വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.CMFRI യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വിജ്ഞാപന പ്രകാരം സംസ്ഥാന തീരത്ത് സുലഭമായ 58 ഇനം മത്സ്യ ഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. 2018 സെപ്റ്റംബർ ഒന്നു മുതൽ നടപ്പിലാക്കി തുടങ്ങിയ പുതിയ KMFR ചട്ടങ്ങൾ പ്രകാരം പ്രധാന മത്സ്യബന്ധന വല കളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്. തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തിയിട്ടുണ്ട്. പഴ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾട്രോൾ (പെയർ ട്രോൾ) എന്നിവ നിരോധിച്ചി ട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. കുടാതെ വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ളാസ്റ്റിക്, ഉപയോഗശൂന്യമായ വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ട്. അശാസ്ത്രീയ |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനം തടയാൻ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് 9 മറൈൻ ജില്ല കളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ; | (ബി) | സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 3 സർക്കിൾ ഇൻസ്പെക്ടർമാർ, 6 സബ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ 60 പോലീസുകാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന 5 ഫിഷറീസ് സ്റ്റേഷനുകളെയും, ഫിഷറീസ് സ്റ്റേഷൻ ഇല്ലാത്ത 4 മറൈൻ ജില്ലകളിലുമായി 9 പട്രോൾ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പട്രോൾ ബോട്ടുകളിലും ആവശ്യത്തിന് സീറെസ്ക്യു ഗാർഡിനെയും പ്രയോജനപ്പെടുത്തുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസറഗോഡ് എന്നീ 4 ജില്ലകളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പിടിച്ചെടുക്കാവുന്ന മത്സ്യയിനങ്ങളുടെ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. 17/05/2017 ലെ G.O (P) No.11/2017/F& PD, 24/07/2015 ലെ G.O (P) 40/15/F&PD എന്നീ ഉത്തരവുകൾ പ്രകാരം കേരളതീരത്ത് സുലഭമായ 58 മത്സ്യ ഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. |
| (ഡി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി സംസ്ഥാനത്തിന്റെ സമുദ്രമത്സ്യോല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ച ഉറച്ച നടപടികളുടെ ഫലമായി സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യോൽപ്പാദനത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധനവ് ഉണ്ടായി. |

ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | ഉൾനാടൻ ഉൽപാദനം (മെട്രിക് ടൺ) | സമുദ്രമത്സ്യോൽപാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 | 192027 | 613007 | 805034 |

സെക്ഷൻ ഓഫീസർ